(സി) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' പദ്ധതിയുടെ 1-2-2012-ൽ കൂടിയ ഇരുപത്തിമൂന്നാമത് ഗവേണിംഗ് ബോഡി തീരുമാനപ്രകാരം ചികിത്സാ ധനസഹായത്തുക രോഗികൾക്ക് നേരിട്ട് അനുവദിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടരുന്നത്.

(ഡി) 2014-15 സാമ്പത്തിക വർഷം 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' പദ്ധതിക്ക് ഒരു കോടി അമ്പതു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഇ) നടപ്പുസാമ്പത്തിക വർഷത്തിൽ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' പദ്ധതിയിലൂടെ ഇതുവരെ 1,20,69,300 (ഒരു കോടി ഇരുപതു ലക്ഷത്തി അറുപത്തൊൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം) 726 രോഗികൾക്ക് അനുവദിച്ചു.

ബി.എസ്സി. നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവരും നഴ്സുമാരുടെ ഒഴിവുകളും

12 (719) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.എസ്സി നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവർ എത്രയാണെന്നും, അതിൽ ഇപ്പോഴും തൊഴിൽരഹിതരായി കഴിയുന്നവർ എത്രയാണെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സർക്കാർ മേഖലയിലുള്ള ആശുപത്രികളിലും മറ്റുമായി മൊത്തം എത്ര നഴ്സുമാർ ജോലി നോക്കുന്നുണ്ട് ; സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ബി.എസ്സി. നഴ്സിംങ്ങ് കോഴ്സ് കഴിഞ്ഞ് പുറത്തുവരുന്നവർ എത്രയാണ് ?

ഉത്തരം

(എ) വിവരം ലഭ്യമല്ല

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ജോലി നോക്കുന്ന സ്റ്റാഫ് നഴ്സുമാരുടെ എണ്ണം - 1438, സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ - 831. ഈ ഒഴിവുകൾ താൽക്കാലികമായി ബോണ്ടഡ് നഴ്സുമാരെ നിയോഗിച്ചിരിക്കുന്നു. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ ആകെ 7517 നഴ്സുമാർ ജോലി ചെയ്യുവരുന്നു. സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ - 543

LIBRARY ARCHIVES Kerala Legislative Assembly

(സി) ബി.എസ്സി നഴ്സിംഗ് കോഴ്സ് യോഗ്യത നേടിയവർ താഴെപ്പറയും പ്രകാരം കെ.എൻ.എം.സി.-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2009 - 2633 എണ്ണം

2010 - 2919 എണ്ണം

2011 - 3354 എണ്ണം

2012 - 2879 എണ്ണം

2013 - 3164 എണ്ണം

പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം

13 (720) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധതരം പനികൾ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പനി ബാധിച്ചുള്ള മരണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) 1. രോഗം കാലേക്കൂട്ടി കണ്ടുപിടിച്ച് ശരിയായ ചികിത്സ നൽകിയാൽ രോഗം ഭേദമാക്കാനും മരണം ഒഴിവാക്കാനും സാധിക്കും. ഇതിനുവേണ്ടി ദിവസേനയും ആഴ്ചതോറും ഫീൽഡ് തലത്തിലും ആശുപത്രി പ്രാഥമികാരോഗ്യ കേന്ദ്രതലത്തിലും ഉള്ള രോഗനിരീക്ഷണം ഊർജ്ജിതപ്പെടുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly